ഭരണഭാഷ – മാതൃഭാഷ

കളക്ടറേറ്റ്,തൃശ്ശൂർ
പിൻകോഡ്–680003

ടെലിഫോൺ നമ്പർ–0487–2239530

Website-www.thrissur.nic.in

email-tsrcoll.ker@nic.in

---

**തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം**
**(ഹാജർ:– ഷാനവാസ് എസ്., ഐ.എ.എസ്.)**

വിഷയം: RFCT LARR Act 2013– ഭൂമി ഏറ്റെടുക്കൽ പുതുക്കാട് റെയിൽവേ മേൽപ്പാലം നിർമ്മാണം– സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട്– വിദഗ്ധ സമിതി റിപ്പോർട്ട് – സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

സൂചന:
1. 09/10/2017 ലെ RBDCK മാനേജിങ്ങ് ഡയറക്ടറുടെ LA.2288/17/1377 നം. കത്ത്
2.30/01/2018 ലെ ഈ കാര്യാലയത്തിലെ ഇ 5–47020/2017 നം. നടപടിക്രമം.
3. 15/01/2019 ലെ ഈ കാര്യാലയത്തിലെ ഇതേ നം. നടപടിക്രമം.
4. 11/04/2019 ൽ YSSO, കോതമംഗലം ,എക്സിക്യൂട്ടിവ് ഡയറക്ടർ സമർപ്പിച്ച SIA പഠന റിപ്പോർട്ട്
5. 10/06/2019 ലെ ഈ കാര്യാലയത്തിലെ ഇതേ നം. നടപടിക്രമം.
6. 30/07/2019 ലെ SIA വിദഗ്ധ സമിതി ചെയർപേഴ്സണിന്റെ റിപ്പോർട്ട്
7. 09/04/2019 ലെ റവന്യൂ(ബി) വകുപ്പിന്റെ G.O.(Rt)No. 1021/2019/RD നം. ഉത്തരവ്.

**ഉത്തരവ് നമ്പർ DCTSR/4482/2018/E5** **തീയതി:26/08/2019**

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് സർവ്വെ നം. 351,537,539,540,541,542 എന്നിവയിൽ ഉൾപ്പെട്ട 83.90 ആർസ് ഭൂമി പുതുക്കാട് റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം അർത്ഥനയും അനുബന്ധരേഖകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ എൽ.എ ജനറൽ, സ്പെഷ്യൽ തഹസിൽദാറിനെ സൂചന (2) പ്രകാരം സ്ഥലമെടുപ്പ് ഓഫീസറായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.

RFCTLARR Act 2013 വകുപ്പ് 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹിക ആഘാത പഠനം നടത്തുന്നതിന് YSSO, കോതമംഗലം എന്ന യൂണിറ്റിനെ സൂചന (3) പ്രകാരം നിയോഗിച്ചിട്ടുള്ളതും, പ്രസ്തുത യൂണിറ്റിനെ നിയമിച്ചുകൊണ്ടുള്ള RFCT LARR ചട്ടം 11(3) പ്രകാരമുള്ള ഫോറം നം. 4, 4(1) വിജ്ഞാപനം 06/02/2019 തിയതിയിലെ വാല്യം നം 8, 298–ാം നമ്പറായി അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

പദ്ധതി പ്രദേശത്തെ സംബന്ധിച്ച സാമൂഹിക ആഘാതപഠനത്തിന്റെ അന്തിമ റിപ്പോർട്ട്, മേൽപറഞ്ഞ പഠനയൂണിറ്റ് സൂചന (4) പ്രകാരം സമർപ്പിച്ചിട്ടുള്ളതും

ആയത് വിലയിരുത്തുന്നതിനായി സൂചന(5) പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി സമിതിയിൽ ഡോ. ചാക്കോ ജോസ്. പി, അസോസിയേറ്റ് പ്രൊഫ. സാമ്പത്തിക ശാസ്ത്ര വിഭാഗം , സേക്രഡ് ഹാർട്ട് കോളേജ്, ചാലക്കുടി(സാമൂഹിക ശാസ്ത്രജ്ഞൻ) എന്നവരെ ടി സമിതിയുടെ ചെയർപേഴ്സണായും , ഡോ. ജോർജ്ജ് അലക്സ്, അസോ. പ്രൊഫസർ, ചരിത്രവിഭാഗം, സെന്റ് തോമസ് കോളേജ് തൃശ്ശൂർ(സാമൂഹിക ശാസ്ത്രജ്ഞൻ), ശ്രീ. പ്രേംചന്ദ് കെ.(സ്പെഷ്യൽ തഹസിൽദാർ(എൽ.എ) കോർപ്പറേഷൻ, തൃശ്ശൂർ(പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ), ശ്രീ. പി. കെ. ഗോപാലൻ, റിട്ട. ഡെപ്യൂട്ടി കളക്ടർ, പാടിയേടത്ത് വീട്, തോന്നൂർക്കര. പി. ഒ, തൃശ്ശൂർ (പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ), ശ്രീ. കെ. എ. ചന്ദ്രൻ, റിട്ട. ജനറൽ മാനേജർ, KSCC, കൊണ്ടിയാറ വീട്, നന്ദനം, വടൂക്കര (സാങ്കേതിക വിദഗ്ദ്ധൻ), ശ്രീമതി. അമ്പിളി ശിവരാജൻ പ്രസിഡന്റ്, പുതുക്കാട് ഗ്രാമപഞ്ചായത്ത്, ശ്രീമതി. ഫിലോമിന ഫ്രാൻസിസ്, മെമ്പർ, പുതുക്കാട് ഗ്രാമപഞ്ചായത്ത്(ബാധിക്കപ്പെട്ട സ്ഥലത്തെ രണ്ട് പഞ്ചായത്ത് പ്രതിനിധികൾ) എന്നിവരെ അംഗങ്ങളായും നിയോഗിച്ചിട്ടുള്ളതാണ്.

വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സൂചന (6) പ്രകാരം ലഭ്യമായിട്ടുള്ളതാണ്. വിദഗ്ദ്ധസമിതി ചെയർപേഴ്സണിന്റെ അദ്ധ്യക്ഷതയിൽ കമ്മിറ്റി അംഗങ്ങൾ 24/06/2019 11 AM ന് സ്പെഷ്യൽ തഹസിൽദാർ(എൽ.എ), കോർപ്പറേഷൻ, തൃശ്ശൂർ കാര്യാലയത്തിൽ അവലോകന യോഗം ചേരുകയുണ്ടായി. 03/07/2019 തിയതി രാവിലെ 11 മണിക്ക് വിദഗ്ദ്ധസമിതി അംഗങ്ങൾ പദ്ധതി പ്രദേശം സന്ദർശിക്കുകയും സമിതിയുടെ ആവശ്യപ്രകാരം RBDCK ഉദ്യോഗസ്ഥർ സ്ഥലത്ത് ഹാജരായി സമിതിയുടെ സംശയങ്ങൾക്ക് മറുപടി നൽകുകയുണ്ടായി. സാധ്യമായ എല്ലാ അലൈൻമെന്റുകളും പരിഗണിച്ചതിനുശേഷമാണ് അന്തിമ അലൈൻമെന്റ് തീരുമാനിച്ചിട്ടുള്ളതെന്നും രണ്ട് ലെവൽ ക്രോസിങ്ങുകൾക്കു മധ്യേയാണ് നിർദ്ദിഷ്ട റെയിൽവെ മേൽപ്പാലമെന്നതിനാൽ ഇതിന് പരിമിതികളുണ്ടെന്നും മേൽപ്പാല നിർമ്മാണത്തിനുശേഷം വീടുകളിലേക്കും അവശേഷിക്കുന്ന ഭൂമിയിലേക്കും ഗതാഗത സൗകര്യത്തിനായി സർവ്വീസ് റോഡുകൾ ഉണ്ടാകുമെന്ന് RBDCK അധികൃതർ സമിതിയെ അറിയിക്കുകയുമുണ്ടായി.

പുതുക്കാട് റെയിൽവെ സ്റ്റേഷൻ ലെവൽ ക്രോസിങ്ങിനും തെക്കെതൊറവ് 'ചങ്ങല ഗെയ്റ്റ്' ലെവൽ ക്രോസിങ്ങിനും മധ്യേയാണ് നിർദ്ദിഷ്ട റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതിനാൽ ഇരുഗെയ്റ്റുകളിലും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിനും അനുബന്ധ മലിനീകരണ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന് വിദഗ്ദ്ധസമിതി വിലയിരുത്തിയിട്ടുള്ളതാണ്.

പുതുക്കാട് റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് 15 ഭൂവുടമകൾ ഉണ്ടെന്നും ഇതിൽ ഒരു വ്യക്തിയുടെ വീട് , മെഴുകുതിരി വ്യവസായ യൂണിറ്റ് എന്നിവ നഷ്ടപ്പെടുമെന്നും കൃഷിക്കായുള്ള ജലസേചന സൗകര്യങ്ങൾ , ജലസ്രോതസ്സുകൾ എന്നിവ നഷ്ടപ്പെടുന്നതുമൂലം മിക്ക കുടുംബങ്ങൾക്കും ഭൂമിയിൽ നിന്നുള്ള ആദായം നഷ്ടപ്പെടുമെന്നും വിദഗ്ദ്ധസമിതി വിലയിരുത്തി. വീട് നഷ്ടപ്പെടുന്ന വ്യക്തിക്ക് പുനരധിവാസത്തിന് പ്രത്യേക പരിഗണന നൽകേണ്ടതും മേൽപ്പാല നിർമ്മാണത്തിനുശേഷം ബാധിതരായ വ്യക്തികളുടെ വീടുകളിലേക്കും സ്ഥലങ്ങളിലേക്കും സുഗമമായ ഗതാഗതസൗകര്യം ഉണ്ടെന്ന്

ഉറപ്പുവരുത്തേണ്ടതുമാണെന്നും വിദഗ്ധസമിതി ചൂണ്ടിക്കാട്ടി. മേൽപറഞ്ഞവ പരിഗണിച്ച് പുതുക്കാട് റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുത്താൽ സാമൂഹ്യപ്രത്യാഘാതം ഏറ്റവും കുറവായിരിക്കും എന്ന് വിദഗ്ധസമിതി ശുപാർശ ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്ക്, തൊറവ് വില്ലേജ് സർവ്വെ നം. 351, 537, 539, 540, 541, 542 എന്നിവയിൽ ഉൾപ്പെട്ട 83.90 ആർസ് ഭൂമി പുതുക്കാട് റെയിൽവെ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിന് RFCTLARR Act 2013 വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അംഗീകാരം നല്കി ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ്, വകുപ്പ് 8 ലെ 3-ാം ഉപവകുപ്പ് പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്

**DISTRICT COLLECTOR**

സ്വീകർത്താവ്

1. സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ, തൃശ്ശൂർ
2. മാനേജിങ്ങ് ഡയറക്ടർ, RBDCK Ltd, കൊച്ചി
3. ഇ 5 സ്റ്റോക്ക് ഫയൽ

Signature Not Verified

Digitally signed by SHANAVAS S
Date: 2019.08.26 07:13:19 PDT
Reason: Approved